# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 158 — 12/02/2013 ൽ മറുപടിക്ക്

## ഓൺലൈൻ എക്സാമിനേഷൻ സംവിധാനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എം. എ. വാഹിദ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പരീക്ഷാ സമ്പ്രദായങ്ങളിൽ സമൂല മാറ്റത്തിന് പി.എസ്.സി. എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തുവാനുദ്ദേശിക്കുന്നത് ; | (എ) പരീക്ഷാ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചോദ്യബാങ്ക് രൂപീകരിക്കാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചിട്ടുണ്ട്. ക്വസ്റ്റ്യൻ ബാങ്കിലേക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നതിനായി വിവിധ വിഷയങ്ങളുടെ വിശദമായ സിലബസ് തയ്യാറാക്കുന്നതിന് അതത് വിഷയങ്ങളിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ നടത്തിവരികയാണ്. പി.എസ്.സി. പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 22.12.2012-ൽ C-Dit mock test നടത്തിയ ശേഷം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചുവരികയാണ്. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ 2012 July മുതൽ OMR രീതിയിലേക്ക് പരിവർത്തനം ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരീക്ഷയുടെ ഫലം 05.12.12-ൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. പരീക്ഷയിൽ പങ്കെടുക്കുന്ന സ്ത്രീകൾക്കും വികലാംഗർക്കും അധികം യാത്ര ചെയ്യാതെ പരീക്ഷ എഴുതുന്നതിനായി അവരവരുടെ താലൂക്കുകളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നുണ്ട്. |
| (ബി) ഇതിനായി ക്വസ്റ്റ്യൻ ബാങ്ക്-കം-ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ ; | (ബി) + (സി)<br>ക്വസ്റ്റ്യൻ ബാങ്ക് രൂപീകരിക്കുവാനും ഓൺലൈൻ പരീക്ഷകൾ നടത്താനും ആവശ്യമായ നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. ക്വസ്റ്റ്യൻ ബാങ്കിലേക്കുള്ള ചോദ്യ |

ങ്ങൾ തയ്യാറാക്കുന്നതിനായി വിവിധ വിഷയങ്ങളുടെ വിശദമായ സിലബസ് തയ്യാറാക്കുന്നതിന് അതത് വിഷയങ്ങളിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ നടത്തിവരികയാണ്. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ഐ.ടി.ഐ.കൾ എന്നിവിടങ്ങളിലെ അധ്യാപക തസ്തികകൾ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും, ആരോഗ്യ വകുപ്പിലെയും മെഡിക്കൽ തസ്തികകൾ എന്നിവയുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള ശില്പശാലകൾ ഇതിനോടകം നടന്നുകഴിഞ്ഞു. കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിലെയും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെയും ഭാഷ, ഹ്യൂമാനിറ്റീസ്, സയൻസ് അദ്ധ്യാപക തസ്തികകളുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള മൂന്ന് വ്യത്യസ്ത ശിൽപശാലകൾ 2013 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇതിനായി എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് ?

A. [signature]

**സെക്ഷൻ ഓഫീസർ**